# ലഹരിമരുന്നിനെതിരെ വാക്കത്തോൺ




കൊല്ലം: ലഹരിമരുന്ന് ഉപയോഗത്തിനെതിരെ സന്ദേശവുമായി കൊല്ലം സിറ്റി പോലീസും ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും സംയുക്തമായി നഗരത്തിൽ വാക്കത്തോൺ സംഘടിപ്പിച്ചു. കെ.എസ്.ആർ.ടി. ബസ് സ്റ്റാൻഡ് പരിസരത്ത് സിറ്റി പോലീസ് കമ്മീഷണർ സതീഷ് ബിനോ ഫ്ളാഗ് ഓഫ് ചെയ്തു. ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ടിലേയും നഗരത്തിലെ വിവിധ സ്കൂളുകളിലേയും വിദ്യാർഥികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, ഗൈഡ്സ്, റോളർ സ്കേറ്റിങ് താരങ്ങൾ തുടങ്ങിയവർ അണിനിരന്ന വാക്കത്തോൺ ചിന്നക്കടയിൽ സമാപിച്ചു. തുടർന്ന് ലഹരിമരുന്ന് ഉപയോഗത്തിനെതിരെ നൃത്താവിഷ്കാരം നടന്നു. സമാപനചടങ്ങിൽ എം.നൗഷാദ് എം.എൽ.എ, മേയർ വി.രാജേന്ദ്രബാബു തുടങ്ങിയവർ പങ്കെടുത്തു. ചെന്നെ അപ്പോളോ ആശുപത്രി, ലയൺസ് ക്ലബ്ബ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച വാക്കത്തോണിന് പോലീസ് അസിസ്റ്റന്റ് കമ്മീഷണർമാരായ റെക്സ് ബോബി അർവിൻ, ജോർജ് കോശി, അബ്ദുൽ റഷീദ്, മെഡിട്രിന ആശുപത്രി ഡയറക്ടർ ഡോ. എ.വിശ്വനാഥൻ, ഡോ. രാമഭദ്രൻ, ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അബ്ദുൽ കരീം മുതലിയാർ തുടങ്ങിയവർ നേതൃത്വം നൽകി.